## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ T 2732 20.06.2013- ൽ മറുപടിക്ക്**

### കൃഷി നാശത്തിനുള്ള നഷ്ടപരിഹാരം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. തോമസ് ചാണ്ടി | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | വേനൽ മഴയിലും മറ്റും മടവീഴ്ച മൂലം കൃഷി നശിച്ച ഏതെല്ലാം പാട ശേഖരങ്ങൾക്ക് ഇനിയും നഷ്ടപരി ഹാരം നൽകുവാനുണ്ടെന്ന് വ്യക്ത മാക്കുമോ; | (എ) | മട വീഴ്ച മൂലം കൃഷി നാശമുണ്ടായ പാടശേഖരം സംസ്ഥാനത്ത് ആലപ്പുഴ ജില്ലയിൽ മാത്രമാണ് ഉണ്ടായിരുന്നത്. ആയതിൽ ഒരു പാടശേഖരത്തിനും നഷ്ടപരിഹാരം നൽകാൻ ബാക്കിയില്ല. മട പുനർ നിർമ്മിച്ചതിനും മറ്റും കൃഷി വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റുകൾ റീജണൽ ക്രൈസിസ് മാനേജ്മെന്റ് സെല്ലിന്റെ ശുപാർശയോടു കൂടി കൃഷി ഡയറക്ടർക്ക് അയച്ചു കൊടുത്തിട്ടുണ്ട്. സ്റ്റേറ്റ് ലെവൽ ക്രൈസിസ് മാനേജ്മെന്റ് സെൽ അനുവദിക്കുന്ന തുക വാലേഷനെ അടിസ്ഥാനമാക്കി പാടശേഖരങ്ങൾക്ക് അനുവദിക്കുകയാണ് പതിവ്. |
| (ബി) | റവന്യൂ വകുപ്പിന്റെ കീഴിലുള്ള 'ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റി' വിളിച്ചു കൂട്ടി സി ബ്ലോക്ക് പാടശേ ഖരങ്ങളുടെ നഷ്ടപരിഹാരം അനു വദിക്കുന്നതിനു വേണ്ടിയുള്ള അടി യന്തിര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | സി ബ്ലോക്കിന്റെ മട പുനർ നിർമ്മിച്ചതിനുള്ള ധനസഹായം സ്റ്റേറ്റ് ലെവൽ ക്രൈസിസ് മാനേജ്മെന്റ് സെൽ അനുവദിച്ചിട്ടുണ്ട്. ആയത് വാലേഷൻ അടിസ്ഥാനത്തിൽ ഉടനെ വിതരണം ചെയ്യുന്നതാണ്. റവന്യൂ വകുപ്പിന് കീഴിൽ ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റി ഇല്ല. |

സെക്ഷൻ ഓഫീസർ